# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3207 | 07.11.2019-ന് മറുപടിയ്ക്ക് |
|---|---|

### കണ്ണൂർ സിറ്റി ഇംപ്രൂവ്മെന്റ് പ്രോജക്ടിനായി ഭൂമി ഏറ്റെടുക്കൽ

| ചോദ്യം<br>ശ്രീ കെ.എം.ഷാജി | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | കേരള റോഡ് ഫണ്ട് ബോർഡ് മുഖാന്തിരം നടപ്പിലാക്കുന്ന കണ്ണൂർ സിറ്റി ഇംപ്രൂവ്മെന്റ് പ്രോജക്ടിന് ഭൂമി ഏറ്റെടുക്കുന്നതിനായി ഗസറ്റ് വിജ്ഞാപനം 2019 ജൂൺ 11-ന് പുറപ്പെടുവിച്ചിട്ടുണ്ടോ; പുതിയതെരു ഉൾപ്പെടുന്ന സ്ഥലങ്ങളിലെ പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കണ്ണൂർ സിറ്റി ഇംപ്രൂവ്മെന്റ് പ്രോജക്ടിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 6(1) വിജ്ഞാപനം 14/06/2019-ലെ കേരള ഗസറ്റ് (അസാധാരണം) 1322 പ്രകാരവും സാമൂഹ്യ ആഘാത പഠനം നടത്തുന്നതിനായി 14/03/2019-ലെ സ.ഉ (അച്ചടി) 21/2019/റവ പ്രകാരം 4(1) വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. സാമൂഹ്യ ആഘാത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധ സമിതി രൂപീകരിച്ച് സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്. |
| (ബി) | ഏത് വർഷത്തെ സർവ്വേ പ്രകാരമാണ് ഭൂമി ഏറ്റെടുക്കലിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; | (ബി) | 2013-ൽ നടത്തിയ സർവ്വേ പ്രകാരമാണ് ഭൂമി ഏറ്റെടുക്കലിന് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. |
| (സി) | ഭൂമി ഏറ്റെടുക്കുന്നത് ദേശീയ പാതയുടെ ഇരുഭാഗത്തുനിന്നുമായി തുല്യ അളവിലാണോ എന്ന് വ്യക്തമാക്കുമോ; അല്ലെങ്കിൽ തുല്യ അളവിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തടസ്സമെന്തെന്ന് വ്യക്തമാക്കുമോ; | (സി) | അല്ല. കേരള റോഡ് ഫണ്ട് ബോർഡ് തയ്യാറാക്കിയ അലൈൻമെന്റ് പ്രകാരമാണ് സ്ഥലമേറ്റെടുക്കുന്നത്. |
| (ഡി) | പുതിയതെരു പട്ടണത്തിലെ വ്യാപാരസ്ഥാപനങ്ങൾ ഉൾപ്പെടുന്ന സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ നഷ്ടപരിഹാരമായി നൽകാൻ നിലവിൽ നിശ്ചയിച്ചിട്ടുള്ള തുക പത്ത് ലക്ഷം രൂപയായി ഉയർത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) യും (ഇ) യും (എഫ്) | വികസനപ്രവർത്തനങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്ന അവസരത്തിൽ എൽ.എ.ആർ.ആർ ആക്ട്, 2013-ലെ ഷെഡ്യൂൾ (1) പ്രകാരം നഷ്ടപരിഹാരവും ഷെഡ്യൂൾ 2 പ്രകാരം പുനരധിവാസവുമാണ് നൽകിവരുന്നത്. എന്നാൽ, ജനസാന്ദ്രത കൂടിയ പ്രദേശമെന്ന നിലയിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് LARR Act, 2013-ലെ ഷെഡ്യൂൾ 2-ൽ പ്രതിപാദിച്ചിരിക്കുന്നതിനേക്കാൾ കൂടുതൽ തുക നല്കുന്നതിനായി തീരുമാനിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 29/12/2017-ലെ ജി.ഒ.(എം.എസ്) 448/2017/RD പ്രകാരം കുടിയൊഴിപ്പിക്കപ്പെടുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി കൂടുതൽ തുക ഉൾപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. 29/12/2017-ലെ ജി.ഒ.(എം.എസ്) 448/2017/RD-ഉപരിയായി പുനരധിവാസത്തുക ഉയർത്തിനൽകാൻ നിർവാഹമില്ലാത്തതാണ്. |
| (ഇ) | ഭൂമി ഏറ്റെടുക്കുന്നതിന്റെ ഫലമായി കച്ചവട സ്ഥാപനങ്ങൾ പൂട്ടേണ്ട സാഹചര്യമുണ്ടാകുമ്പോൾ എല്ലാ തൊഴിലാളികൾക്കും തൊഴിൽ കാലപരിധി ബാധകമാക്കാതെ നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | | |
| (എഫ്) | വ്യാപാരികളായ കെട്ടിട ഉടമകൾക്ക് വ്യാപാര നഷ്ടത്തിന് മിനിമം പത്ത് ലക്ഷം രൂപയെങ്കിലും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ